LIBRARY ARCHIVES Kerala Legislative Assembly

കൈത്തറി മേഖലയിൽ കൂടുതൽ തൊഴിൽദിനങ്ങൾ

160(5319) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കൈത്തറി മേഖലയിൽ പരമ്പരാഗത തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽദിനങ്ങൾ നൽകുന്നതിനും മെച്ചപ്പെട്ട കൂലി ഉറപ്പുവരുത്തുന്നതിനും സാധിക്കുന്ന രീതിയിൽ പ്രത്യേക പദ്ധതി ആവിഷ്കരിക്കാൻ തയ്യാറാകുമോ; വ്യക്തമാക്കുമോ?

കേരളത്തിലെ പരമ്പരാഗത തൊഴിൽ മേഖലയിൽ ഏറെ പ്രാധാന്യമർഹിക്കുന്നതാണ് കൈത്തറി വസ്ത്ര മേഖല. കൈത്തറി തൊഴിലാളികൾ ഈ മേഖലയിൽനിന്നും കൊഴിഞ്ഞുപോയിക്കൊണ്ടിരുന്ന സാഹചര്യത്തിൽ കൈത്തറി മേഖലയുടെ ഉന്നമനത്തിനും കൂടുതൽ നെയ്ത്തുകാരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനുമായി 2016-17 സാമ്പത്തിക വർഷം മുതൽ സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതി നടപ്പിലാക്കിയതുമൂലം നെയ്ത്ത് തൊഴിലാളികൾക്ക് വർഷത്തിൽ 250-ൽ കൂടുതൽ തൊഴിൽദിനങ്ങളും പ്രതിദിനം 600 രൂപയില്ധികം വേതനവും ലഭിക്കുന്നുണ്ട്. പദ്ധതി നടപ്പിലാക്കിയതു മുതൽ ഇന്നുവരെ 196.89 കോടി രൂപ നെയ്ത്ത് കൂലിയായി വിതരണം ചെയ്തിട്ടുണ്ട്. സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയിൽ 2019 ഡിസംബർ മാസം മുതൽ പരിഷ്കരിച്ച മിനിമം കൂലി നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതി കൈത്തറി മേഖലയ്ക്ക് ഒരു പുനരുജ്ജീവനം നൽകിയിട്ടുണ്ട്.

കൈത്തറി-ഖാദി മേഖലയെ ശാക്തീകരിക്കാൻ നടപടികൾ

161(5320) ഡോ. എൻ. ജയരാജ്:
ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൈത്തറി - ഖാദി മേഖലകൾക്ക് റിബേറ്റ് ഇനത്തിൽ സർക്കാർ അനുവദിക്കേണ്ടതായ തുക കുടിശ്ശികയായിട്ടുണ്ടോ; വ്യക്തമാക്കുമോ?

കൈത്തറി മേഖലയിൽ തുക കുടിശ്ശികയായുണ്ട്. കേരളത്തിലെ പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ, ഹാന്റക്സ്, ഹാൻവീവ് എന്നിവയുടെ കൈത്തറി ഉത്പന്നങ്ങൾക്ക് റിബേറ്റ് നൽകുന്നതിനായി 2021-22 സാമ്പത്തിക